समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कोच्ची-682036, भारत

**The Marine Products Export Development Authority**

(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन / Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065

फैक्स / Fax : 91-484-2313361

E-mail : ho@mpeda.gov.in
Website : www.mpeda.com

പത്രക്കുറിപ്പ്

09.12.2020

# ഇന്ത്യയിൽ നിന്നുള്ള കാരച്ചെമ്മീനിന്റെ പരിശോധന ജപ്പാൻ പൂർണമായും നീക്കി

കൊച്ചി: ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കാരച്ചെമ്മീനിന്റെ പരിശോധന ജപ്പാൻ പൂർണമായും പിൻവലിച്ചു. കൊവിഡ് ഭീതിയിൽ അകപ്പെട്ടിരുന്ന രാജ്യത്തെ കയറ്റുമതി മേഖലയ്ക്ക് ആശ്വാസം പകരുന്നതാണ് ഈ തീരുമാനം. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന കാരച്ചെമ്മീനിൽ ആന്റി ബാക്ടീരിയൽ മരുന്നായ ഫ്യൂറസോളിഡോണിന്റെ അംശം പൂർണമായും ഇല്ലാതായതാണ് ജപ്പാന്റെ ഈ തീരുമാനത്തിനു പിന്നിലുള്ളത്.

ജപ്പാനിലെ ഇന്ത്യൻ എംബസി, സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി(എംപിഇഡിഎ), എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ എന്നിവയെ ജപ്പാനിലെ ആരോഗ്യ-തൊഴിൽ-ക്ഷേമ മന്ത്രാലയം(എംഎച്എൽഡബ്ല്യൂ) രേഖാമൂലം ഇക്കാര്യമറിയിച്ചു.

ഈ വർഷം മാർച്ച് 25 ന കാരച്ചെമ്മീനിന്റെ പരിശോധന തോത് 30 ശതമാനമാക്കി ജപ്പാനിലെ ആരോഗ്യമന്ത്രാലയം കുറച്ചിരുന്നു. തുടർന്നുള്ള മാസങ്ങളിൽ നടന്ന ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിയിലും ഫ്യൂറോസോളിഡോണിന്റെ അംശം കണ്ടെത്താനായില്ല. തുടർന്നാണ് ജപ്പാനിലെ ഭക്ഷ്യ-ശുചിത്വ നിയമത്തിന്റെ 26-ാം വകുപ്പ് പ്രകാരം കാരച്ചെമ്മീൻ ഇറക്കുമതി ഉത്പന്നങ്ങൾക്ക് പരിശോധന പൂർണമായും ഒഴിവാക്കാൻ തീരുമാനിച്ചത്.

ഡിസംബർ ഒന്നിനാണ് ഇന്ത്യയിൽ നിന്നുള്ള കാരച്ചെമ്മീനിന്റെ പരിശോധന പൂർണമായും എടുത്തു കളഞ്ഞെന്ന ഔദ്യോഗിക അറിയിപ്പ് ജപ്പാനിലെ എല്ലാ ക്വാറന്റൈൻ മേധാവികൾക്കും ലഭിച്ചത്. ജപ്പാനിലേക്ക് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യ ഉത്പന്നങ്ങൾക്ക് പൊതുവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയമാനുസൃതമായ പതിവ് ആഭ്യന്തര നിരീക്ഷണം മാത്രം മതിയെന്നുമാണ് ഉത്തരവ്.

2020 മാർച്ചിൽ ജപ്പാനിൽ നിന്നുള്ള രണ്ടംഗ വിദഗ്ധ സംഘം ഇന്ത്യയിലെ കാരച്ചെമ്മീൻ ഹാച്ചറികൾ, പ്രജനന കേന്ദ്രങ്ങൾ, സംസ്കരണ കേന്ദ്രങ്ങൾ മുതലായവ സന്ദർശിച്ചിരുന്നു.

കൊവിഡ് പകർച്ചവ്യാധി മൂലമുണ്ടായ പ്രതിസന്ധിയിൽ ഉഴറി നിൽക്കുന്ന രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നതാണ് ഈ തീരുമാനമെന്ന് എംപിഇഡിഎ ചെയർമാൻ ശ്രീ കെ എസ് ശ്രീനിവാസ് പറഞ്ഞു. കാരച്ചെമ്മീനിന്റെ പരിശോധന ഒഴിവാക്കണമെന്ന് വിവിധ വേദികളിലായി എംപിഇഡിഎ ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. പരിശോധന ഒഴിവാക്കാനുള്ള തീരുമാനം കാരച്ചെമ്മീൻ കൃഷി വർധിപ്പിക്കും. കേരളം പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ കാരച്ചെമ്മീൻ കർഷകർക്ക് ഊർജ്ജം പകരുന്നതുമാണ് ഈ തീരുമാനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആരോഗ്യമുള്ള കാരച്ചെമ്മീൻ കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുന്നതിൽ കൊച്ചി വല്ലാർപാടത്തെ എംപിഇഡിഎയുടെ മൾട്ടി സ്പീഷീസ് അക്വാകൾച്ചർ സെന്റർ മികച്ച പരിശ്രമമാണ് നടത്തുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മികച്ച രോഗപ്രതിരോധശേഷിയും വളർച്ചയുമുള്ളതാണ് ഈ കുഞ്ഞുങ്ങളെന്ന് കർഷകർ സാക്ഷ്യപ്പെടുത്തുന്നതായും അദ്ദേഹം പറഞ്ഞു.

ലോകത്തെ ഏറ്റവും ഇഷ്ടപ്പെടുന്ന ചെമ്മീൻ ഇനമാണ് കാരച്ചെമ്മീൻ. ഇന്ത്യയുടെ സമുദ്രോത്പന്നകയറ്റുമതിയുടെ ഒരു പ്രധാന ഇനമാണ്. ആകെ കയറ്റുമതിയുടെ 40 ശതമാനവും ജപ്പാനിലേക്കാണ്. യൂറോപ്യൻ യൂണിയനും അമേരിക്കയുമാണ് കാരച്ചെമ്മീനിന്റെ മറ്റ് പ്രധാന കയറ്റുമതി വിപണികൾ.